പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4739 28.06.2013 - ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള തുക

ചോദ്യം — ഉത്തരം

ശ്രീമതി കെ.എസ്. സലീഖ — ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

<table>
<tr>
<td>(എ)</td>
<td>2012-13 സാമ്പത്തിക വർഷം സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; ആയതിൽ എന്ത് തുക സമാഹരിക്കുവാൻ കഴിഞ്ഞു; ആയതിൽ നിന്ന് എന്തു തുക ചെലവഴിച്ചു;വിശദമാക്കുമോ;</td>
<td>(എ)</td>
<td>2012-13 സാമ്പത്തിക വർഷം കേരള സാമൂഹ്യ സുരക്ഷാമിഷന് വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>സമാഹരിക്കുവാൻ ഉദ്ദേശിച്ച തുക</th><th>സമാഹരിച്ച തുക</th><th>ആകെ ചെലവഴിച്ച തുക</th></tr>
<tr><td>2012-13</td><td>74,85,00,000/-</td><td>13,32,46,547/-</td><td>9,47,73,617/-</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>2013 - 14 -ൽ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തു തുക സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ആയതു പ്രകാരം എന്തു തുക ഇതുവരെ ലഭിച്ചു; ആയതിൽ നിന്നും എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ;</td>
<td>(ബി)</td>
<td>നടപ്പുവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആകെ 74,85,00,000/- രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. തുക ലഭിച്ചു തുടങ്ങിയിട്ടില്ല.</td>
</tr>
<tr>
<td>(സി)</td>
<td>സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ട് ; ആയതു പ്രകാരം എന്ത് തുക ചെലവഴിച്ചു; എന്ത് തുക ലാപ്സായി; വിശദമാക്കുമോ ;</td>
<td>(സി)</td>
<td>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ശ്രുതിതരംഗം പദ്ധതിക്കും വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ വഴി അംഗ പരിമിതർക്ക് തത്സമയ തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതിക്കും 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഒറ്റത്തവണ ധനസഹായം</td>
</tr>
</table>

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന പദ്ധതി പ്രകാരം യഥാക്രമം 5 കോടി, 1 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷത്തെ പദ്ധതി പ്രവർത്തനം ആരംഭ ഘട്ടത്തിലാണ്. |
| (ഡി) | സമൂഹത്തിൽ അവശതയനുഭവിക്കുന്ന ഏതൊക്കെ വിഭാഗങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇനി ഏതൊക്കെ പുതിയ വിഭാഗങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | (ഡി) | സമൂഹത്തിൽ ഏറ്റവും അവശതയനുഭവിക്കുന്ന വികലാംഗരെയാണ് പ്രസ്തുത പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗങ്ങളിലെ കൂടുതൽ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രയോജനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ